പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1614

15/02/2016 ൽ മറുപടിക്ക്

**മൃഗസംരക്ഷണ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി**

ചോദ്യം

മറുപടി

ശ്രീ. കെ. രാധാകൃഷ്ണൻ :

കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ മന്ത്രി).

| | |
|---|---|
| എ) മൃഗസംരക്ഷണ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി 2011 ന് ശേഷം മറ്റ് ഏജൻസികൾക്ക് കൈമാറിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ആവശ്യത്തിനായി എത്ര ഭൂമി നൽകിയിട്ടുണ്ടെന്ന് പറയാമോ; | എ) 2011 – ന് ശേഷം മൃഗസംരക്ഷണ വകുപ്പിൽ നിന്നും വിവിധ വകുപ്പുകൾക്ക് ഭൂമി കൈമാറ്റം ചെയ്ത നൽകിയിട്ടുണ്ട്.<br><br>1. 19/07/2014 - ലെ ജി.ഒ( ആർ.ടി) നം. 1855/14/ത.സ്വ.ഭ.ഡ നമ്പർ ഉത്തരവ് പ്രകാരം മലപ്പുറം ജില്ലയിലെ കാഞ്ഞിരമുക്ക് വെറ്ററിനറി ഡിസ്പെൻസറി ഉൾപ്പെടെ 50 സെന്റ് സ്ഥലം ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പിന് ഐ.റ്റി.ഐ നിർമ്മാണത്തിനായി കൈമാറിയിട്ടുണ്ട്.<br><br>2. 10/09/2015 -ലെ ജി.ഒ. (എം.എസ്) നം. 447/15/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ നിന്നും 6 ഏക്കർ സ്ഥലം അട്ടപ്പാടി സർക്കാർ ആർട്ട് സയൻസ് കോളേജ് സ്ഥാപിക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ വകുപ്പിന് ഉപയോഗാനുമതി മാത്രം നൽകി ഉത്തരവായിട്ടുണ്ട്.<br><br>3. 24/12/2012- ലെ ജി.ഒ (ആർ.ടി) നമ്പർ 289/12/അഗ്രി നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലയിലെ ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ 0.5 ഏക്കർ സ്ഥലം യൂത്ത് വെൽഫെയർ ബോർഡിന് ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിനായി കൈമാറിയിട്ടുണ്ട്.<br><br>4. കണ്ണൂർ ജില്ലയിലെ എരുവശ്ശേരി ഗ്രാമപഞ്ചായത്തിലെ ചെമ്പേരി മൃഗാശുപത്രിയുടെ 3 സെന്റ് സ്ഥലം അംഗൻവാടി കെട്ടിടം നിർമ്മാണത്തിനായി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| **ബി)** | ഇപ്രകാരം ഭൂമി നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത ഭൂമിയുടെ വില തിട്ടപ്പെടുത്തി നഷ്ട പരിഹാരം വാങ്ങിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപ ലഭിച്ചുവെന്നും ആയ തിന് സ്വീകരിച്ച മാനദണ്ഡം എന്താണെന്നും വ്യക്തമാക്കുമോ; | **ബി)** | മൃഗസംരക്ഷണ വകുപ്പിൽ നിന്നും വിട്ടുനൽകിയിട്ടുള്ള ഭൂമിയുടെ വില തിട്ടപ്പെടുത്തി നഷ്ടപരിഹാരം വാങ്ങിയിട്ടില്ല. |
| **സി)** | വിതുര ജേഴ്സി ഫാമിന്റെ അധീനതയിൽ ഉള്ള 100 ഏക്കറോളം ഭൂമിയിൽ കയ്യേറ്റം നടന്നിട്ടുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഭൂമി വീണ്ടെടുക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; എത്ര ഭൂമി വീണ്ടെടുത്തു എന്ന് പറയാമോ? | **സി)** | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ